# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1478 — 11.06.2019-ൽ മറുപടിയ്ക്ക്

### ഓഖി ദുരന്തബാധിതർക്ക് നഷ്ടപരിഹാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ആർ. രാമചന്ദ്രൻ : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | ഓഖി ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഓഖി ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. പൂർണ്ണമായും ഭാഗികമായും മത്സ്യ ബന്ധനോപാധികൾ നഷ്ടപ്പെട്ട 367 യാനം ഉടമകൾക്ക് 6,47,97,097/- രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഏതു മാനദണ്ഡപ്രകാരമാണ് നഷ്ടപരിഹാരത്തിന് അർഹരായവരെ നിശ്ചയിച്ചത് എന്ന് വിശദീകരിക്കുമോ; | (ബി) | ഓഖി ദുരന്തത്തിൽ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ടവർക്ക് അവയുടെ നഷ്ടപരിഹാര തുക കണക്കാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിന് ഫിഷറീസ് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരും CIFT ലെ പ്രതിനിധിയും ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ടി ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ച മാനദണ്ഡങ്ങൾക്കനുസരിച്ച് അതാത് ജില്ലയിലെ ഫിഷറീസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, മത്സ്യഫെഡ് ജില്ലാ മാനേജർ എന്നിവരടങ്ങുന്ന ജില്ലാതല ഇവാല്യുവേഷൻ കമ്മിറ്റിയാണ് നഷ്ടപരിഹാരം കണക്കാക്കി ശുപാർശ ചെയ്തിട്ടുള്ളത്. പൂർണ്ണമായും നഷ്ടപ്പെട്ട യാനം എഞ്ചിൻ എന്നിവയ്ക്ക് പ്രതിവർഷം 10 % എന്ന കണക്കിൽ തേയ്മാനം കണക്കാക്കി കിട്ടുന്ന തുകയോ അല്ലെങ്കിൽ ടി ഉപകരണങ്ങളുടെ യഥാർത്ഥ വിലയുടെ 50% തുകയോ ഇതിൽ ഏതാണോ കൂടുതൽ ആ തുക നഷ്ടപരിഹാരമായി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. അതുപോലെ വല, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ മറ്റ് അനുസാരികകൾ എന്നിവയ്ക്ക് അവയുടെ മാർക്കറ്റ് വില കണക്കാക്കി നഷ്ടപരിഹാരം നൽകി വരുന്നു. ഭാഗികമായി കേടുപാടുകൾ സംഭവിച്ചവയ്ക്ക് അതിന്റെ നഷ്ടത്തിന് |

| | | | |
|---|---|---|---|
| | | | സമാനമായ തുക തേയ്മാനം കണക്കാക്കാതെ അനുവദിക്കാനും ടെക്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്തിരുന്നു. |
| (സി) | ആലപ്പാട് ഗ്രാമപഞ്ചായത്തിൽ അനർഹർക്ക് നഷ്ടപരിഹാരം അനുവദിക്കുകയും അർഹതയുള്ളവർ ലിസ്റ്റിൽ നിന്ന് പുറത്തുപോവുകയും ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | നഷ്ടപരിഹാരം വിതരണം ചെയ്തതിലെ അപാകതകൾ പരിഹരിച്ച് ആലപ്പാട് ഗ്രാമപഞ്ചായത്തിലെ ഓഖി ദുരന്തത്തിൽ ദുരിതം അനുഭവിച്ച മുഴുവൻ പേർക്കും നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (ഡി) | ഓഖി ദുരന്തത്തിന്റെ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും നഷ്ടപരിഹാരം അനുവദിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ